

# റ്റിലൈറ്റ്

Giving Light to Our World

## റ്റ്വിലൈറ്റ്: അതൊരു കഥ മാത്രമാണോ?

"ഞാൻ ഒളിച്ചിരുന്നു ആക്രമിക്കുന്ന അതിക്രൂരനാണ്. എന്നെപ്പറ്റിയുള്ളതെല്ലാം നിന്നെ എന്നിലേക്ക് ക്ഷണിക്കുന്നു..... കൊല്ലാൻ വേണ്ടി രൂപകല്പന ചെയ്യപ്പെട്ടതാണ് ഞാൻ....എനിക്ക് നിന്നെ കൊല്ലണം. എന്റെ ജീവിതത്തിൽ ഇതുവരെയും ഇങ്ങനെയുള്ള ഒരു മനുഷ്യരക്തം എനിക്ക് വേണമെന്ന് തോന്നിയിരുന്നില്ല.........നിന്റെ രക്തത്തിന്റെ മണം ഒരു ലഹരിപോലെ എന്നെ പിടിച്ചിരിക്കുന്നു. ഞാൻ ഇഷ്ടപ്പെടുന്ന ഒരു വീരനായികയാണു നീ".

സുന്ദരനും രക്തദാഹിയുമായ എഡ്വർഡ് അവന്റെ കാമുകിയും പതിനേഴുവയസ്സുകാരിയുമായ ബല്ലാസ്വാനിനോടു പറയുന്നതാണ് റ്റ്വിലൈറ്റ് പരമ്പരയിൽ കാണുന്ന മേൽപറഞ്ഞ വാക്കുകൾ, രക്തദാഹികളെന്നത് ചിലപ്പോൾ കെട്ടുകഥകൾ മാത്രമായിരിക്കാം. റ്റ്വിലൈറ്റ് പരമ്പര പുസ്തകങ്ങളും ഡി.വി.ഡി. കളും ഉണ്ടായത് എങ്ങനെയാണ്?

ഇരുട്ടുള്ള ഒരു രാത്രിയിലാണ് അതു സംഭവിച്ചത് വ്യക്തമായി പറഞ്ഞാൽ 2003 ജൂൺ 1-ാം തിയ്യതി സ്റ്റെഫനിമേയർ എന്ന ഒരു വീട്ടമ്മയ്ക്ക് ആ രാത്രിയിൽ ഒരു നിഗൂഢസ്വപ്നമുണ്ടായി. അതിനെക്കുറിച്ച് അവരുടെ ഔദ്യോഗിക വെബ്

സൈറ്റിൽ ഇങ്ങനെ പറയുന്നു, "ആ രാത്രിയിലെ വ്യക്തമായ സ്വപ്നം കണ്ടുകൊണ്ട് ഞാൻ രാവിലെ ഉണർന്നു. വനാന്തരത്തിലെ ഒരു ചതുപ്പു സ്ഥലത്തു നിന്നുകൊണ്ട് രണ്ടുപേർ അതിപ്രധാന സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നത് ഞാൻ സ്വപ്നത്തിൽ കണ്ടു. അവരിൽ ഒരാൾ ചെറുപ്പ ക്കാരിയായ ഒരു പെൺകുട്ടിയായിരുന്നു. മറ്റെയാൾ അതിസുന്ദരനും തിളക്കമുള്ളവനുമായ ഒരു രക്ത പ്രിയനുമായിരുന്നു. ചില പ്രത്യേക പ്രതികൂലതക ളെക്കുറിച്ച് അവർ ചർച്ച ചെയ്തുകൊണ്ടിരുന്നു. അവർ പരസ്പരം പ്രേമത്തിലാകുന്നതായിരുന്നു. ഒരു കാര്യം. മറ്റൊന്ന് അവളുടെ രക്തത്തിന്റെ മണ ത്തിൽ ആകൃഷ്ടനായ കാമുകൻ അവളെ ഉടനെ കൊല്ലാതിരിക്കാൻ പാടുപെടുന്നതുമായിരുന്നു."

മേയർ ഉണർന്നപ്പോൾ മിന്നലേറ്റതു പോലെ ഈ സ്വപ്നം അവളെ എന്തിനോ വേണ്ടി നിർബന്ധിച്ചു കൊണ്ട് ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ റ്റ്വിലൈറ്റ് സ്വാഗ എന്ന പേരിൽ നോവലുകളുടെ ഒരു പരമ്പര തന്നെ അവൾ രചിക്കുകയുണ്ടായി. ഓരോ പുസ്തകവും സിനിമകളായി മാറുകയും ചെയ്തു. റ്റ്വിലൈറ്റ് നോവലുകൾ ചൂടപ്പം പോലെ വിറ്റഴിയുന്നു. ഹാരിപ്പോട്ടറിനെക്കാളും അതു മുന്നിലെത്തി കഴിഞ്ഞു. അമാനുഷികവും നിഗൂ ഢവും ആയവയാണ് ഇവയെല്ലാം.

ഇതിന്റെ പിന്നിൽ അദൃശ്യ ശക്തികൾ പ്രവർത്തിക്കുന്നു എന്നുള്ളതിന് സാദ്ധ്യതയുണ്ടോ? ഒന്നു ശ്രദ്ധിക്കുക, മനുഷ്യരെ വലയം ചെയ്യുന്ന ഒന്നാണ് ഇത്. നിങ്ങൾ മനസ്സിലാക്കിയാലും ഇല്ലെങ്കിലും ശരി എണ്ണമറ്റ കൗമാരപ്രായക്കാർ ഈ രക്തദാഹ നോവലുകളിലും സിനിമകളിലും മുഴുകിപ്പോകയും യഥാർത്ഥ രക്തം കുടിക്കുവാൻ താല്പര്യം കാണിക്കുകയും ചെയ്യുന്നു. "രാത്രിയിലെ അയൽക്കാർ: രക്തദാഹ സംസ്കാരത്തിൽപ്പെട്ടവർ നിങ്ങളുടെ മൂക്കിനു താഴെ ജീവിക്കുന്നുണ്ടാകും. യഥാർത്ഥ രക്തപാനം ശവപ്പെട്ടിയിൽ നിന്ന് എഴുന്നേറ്റു വരുന്നു. മനുഷ്യർ രക്തം കുടിച്ച് പരീക്ഷണം നടത്തി നോക്കുന്നു. ഇരുളിലേക്കുള്ള ഒരു ചുവട് വയ്പായി ഇതു മാറുകയാണ്.

## പുരാതന മുന്നറിയിപ്പുകൾ

രക്തം കുടിക്കുന്നതിനെക്കുറിച്ച് ബൈബിൾ പറയുന്നത് എന്താണ്? ഒന്നാമതായി ഇത് വിലക്കപ്പെട്ട ഒരു കാര്യമാണ് (ലേവ്യർ 17:10; അപ്പൊ. പ്രവൃ. 15:20). രണ്ടാമതായി ഇത് നിഗൂഢമായ ആഭിചാരങ്ങളുടെ മന്ത്രവാദങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. "രക്തത്തോടു കൂടിയുള്ളത് തിന്നരുത്, ആഭിചാരപ്പെടരുത്, മുഹൂർത്തം നോക്കരുത്" (ലേവ്യ. 19:26) ആഭിചാരം. വെളിച്ചപ്പാടന്മാരുടെയും വെളിച്ചപ്പാട

ത്തികളുടെയും ജല്പനങ്ങൾ തുടങ്ങിയവയെല്ലാം ഭൂതാന്മ പ്രവർത്തനങ്ങളാണ്. രക്തപാനവും ആഭിചാരവുമെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പുരാതനകാലങ്ങളിൽ രക്തപാനം ചെയ്യുന്നവർ ആഭിചാര പ്രവർത്തനങ്ങളും മന്ത്രവാദങ്ങളുമെല്ലാം നടത്തിയിരുന്നു. അതിൽ ഒരു വകഭേദം ഇന്നും നിലനിൽക്കുന്നുണ്ട്. റ്റ്വിലൈറ്റ് നോവലുകളിൽ എഡ്വഡ് എന്ന കഥാപാത്രത്തിന് മനുഷ്യമനസ്സുകളെ വായിക്കുവാനും ആഭിചാര ക്രിയകൾ ചെയ്യുവാനും കഴിവുണ്ടെന്നു മാത്രമല്ല ആ വ്യക്തി "ഒളിമ്പിക് കോവനിൽ" ഒരു അംഗവുമാണ്. "കോവൻ" എന്നത് അതിൽ ഒരു മന്ത്രവാദ വാക്കാണ്. പുരാതന കഥ പോലെ ഇത് വീണ്ടും തുടർന്നുകൊണ്ടിരിക്കുന്നു.

ബൈബിളിന്റെ വിശുദ്ധ താളുകളിലേക്കു നാം ശ്രദ്ധിച്ചു നോക്കുമ്പോൾ ഒരു വലിയ യുദ്ധം നടക്കുന്നുണ്ടെന്നുള്ള സത്യം പുറത്തു വരുന്നുണ്ട്. പലർക്കും അത് അറിഞ്ഞു കൂടായെങ്കിലും ദൈവവും വീഴ്ച ഭവിച്ച ദൂതനായ ലൂസിഫറും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ആ പോരാട്ടത്തിന്റെ ഹൃദയസ്ഥാനം രക്തവുമായി ബന്ധപ്പട്ടുള്ള ഒരു ദൂതാണ്. ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് വിധി നിർണ്ണായകമായ ഒരു വ്യാഴാഴ്ച രാത്രി യേശുക്രിസ്തു എന്ന ഒരാൾ മുന്തിരിപ്പഴച്ചാറു യെരൂശലേമിലെ ഒരു മുറിയിൽ വെച്ച് തന്റെ ശിഷ്യന്മാർക്ക്

വിതരണം ചെയ്തു. ഈ മധുരപാനീയത്തിന്റെ ശരിയായ അർത്ഥം അറിയാവുന്നത് യേശുവിനു മാത്രമായിരുന്നു. "ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" എന്ന് യേശു പറഞ്ഞു(മത്തായി 26:28). യഥാർത്ഥ മനുഷ്യരക്തമല്ല യേശു കൊടുത്തത്. ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി താൻ ചൊരിയാനിരിക്കുന്ന യാഗരക്തത്തെ സൂചിപ്പിക്കുന്നതായിരുന്നു ആ മുന്തിരിച്ചാറ്.

അടുത്ത ദിവസം രണ്ടു കള്ളന്മാരുടെ മദ്ധ്യേ യേശു ക്രൂശിൽ മരിച്ചു. ക്രൂശിൽ തൂങ്ങിക്കിടക്കുമ്പോൾ നുറുങ്ങിയ അവന്റെ ശരീരത്തിൽ നിന്ന് രക്തതുള്ളികൾ ഒഴുകിയൊഴുകി ആ ക്രൂശുമരത്തെ നനച്ചുക്കൊണ്ടിരുന്നു. ഇതിന്റെയെല്ലാം അർത്ഥം എന്താണ്? ആ മർമ്മം ബൈബിൾ തന്നെ വിശദീകരിക്കുന്നു. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു" (1 കൊരി. 15:3). അദൃശ്യനായ ശത്രുവിനെതിരെ പോരാടുന്നവരെ ബൈബിളിലെ അവസാന പുസ്തകം വെളിപ്പെടുത്തുന്നു. അതു നഷ്ടപ്പെടുത്തരുത്. "അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു " (വെളി. 12:11). ഇതിന്റെ അർത്ഥം ദൈവപുത്രനായ യേശുക്രിസ്തു ക്രൂശിൽ

ചൊരിഞ്ഞ രക്തത്താൽ പാപമോചനം ലഭിച്ച നമുക്കെല്ലാം അതിൽക്കൂടെ സ്വർഗ്ഗത്തിലേക്കു കടക്കാം എന്നുള്ളതാണ്. ഇതു നന്നായി അറിയുന്ന സാത്താൻ ക്രിസ്തുവിന്റെ രക്തത്തെ വെറുക്കുന്നു. അതുകൊണ്ടാണ് സാത്താൻ മേയർക്ക് ഈ സ്വപ്നം കൊടുത്ത് നോവലുകൾ എഴുതിപ്പിച്ച് നമ്മുടെ തലമുറയെ മന്ത്രവാദത്തിന്റെയും ആഭിചാരത്തിന്റെയും രക്തപാനത്തിന്റെയും നിഗൂഢതകളിലേക്ക് മയക്കി കൊണ്ടുപോകുന്നത്. യേശുക്രിസ്തുവിന്റെ രക്തത്തിൽ നിന്ന് പാപികളായവരെ എല്ലാം അവൻ ഒഴിവാക്കുവാനുള്ള തീവ്രശ്രമത്തിലാണ്. റ്റ്വിലൈറ്റ് നോവലുകളുടെ പ്രചാരണം സാത്താന്യവിജയത്തിന്റെ ഒരുപടിയാണ്.

## രക്തദാനം:-

റ്റ്വിലൈറ്റ് നോവലുകളുടെ ആശയം രണ്ടു കാര്യങ്ങളാണ്. ഒന്നാമതായി അത് രക്തപാനികളുടെയും രക്തം കുടിക്കുന്ന ചെന്നായ്ക്കളുടെയും അത്ഭുത കഥയാണ്. രണ്ടാമതായി അത് എഡ്വേർഡും ബെല്ലായും തമ്മിലുള്ള ഹൃദയസ്പർശിയായ പ്രേമകഥയും കൂടെയാണ്. "രക്തം കൊണ്ട് എഴുതപ്പെട്ടു" എന്ന പുസ്തകത്തിൽ റോബർട്ട് കോൾമാൻ എന്ന ഗ്രന്ഥ കർത്താവ് ഒരു മാരകരോഗത്തെ കീഴടക്കിയ

ജോണി എന്ന ഒരു കുട്ടിയുടെ കഥ വിവരിക്കുന്നു. നിർഭാഗ്യവശാൽ അവന്റെ സഹോദരിയായ മേരിക്കും ഇതേ രോഗം പിടിപ്പെടുകയും അവൾ മരണത്തോട് അടുക്കുകയും ചെയ്യുന്നു. ഉടൻതന്നെ രക്തം നൽകിയില്ലെങ്കിൽ അവൾ മരണപ്പെടുമെന്ന് കുടുംബഡോക്ടർ മാതാപിതാക്കളെ അറിയിച്ചു. ഇതേ രോഗത്തെ സഹോദരനായ ജോണി കീഴ്പ്പെടുത്തിയതുകൊണ്ട് അവന്റെ രക്തമാണ് അവൾക്ക് നല്ലതെന്ന് ഡോക്ടർ വീണ്ടും അഭിപ്രായപ്പെട്ടു. എല്ലാ കണ്ണുകളും ജോണിയിലേക്ക് തിരിഞ്ഞു. "നിന്റെ രക്തം കൊടുക്കുമോ " എന്ന് മാതാപിതാക്കൾ കണ്ണുനീരോടെ അവനോട് ചോദിച്ചു. ആദ്യം അവൻ തടസ്സം പറഞ്ഞു. പിന്നീടവന്റെ കീഴ്ചുണ്ട് വിറപൂണ്ട് ഇപ്രകാരം മന്ത്രിച്ചു:"തീർച്ചയായും, അവൾ എന്റെ സഹോദരിയാണ്". അവർ വേഗം ആശുപത്രിയിലേക്കുപോയി. ശസ്ത്രക്രിയാമുറിയിൽ അടുത്തടുത്ത കിടക്കകളിൽ ജോണിയും മേരിയും കിടന്നു. ജോണിയുടെ ശരീരം ആരോഗ്യപൂർണ്ണവും മേരിയുടേത് രക്തമില്ലാത്ത വിളറിയതുമായിരുന്നു. രണ്ടുപേരും യാതൊന്നും സംസാരിച്ചില്ല. അവർ പരസ്പരം നോക്കുന്നുണ്ടായിരുന്നു. കുഴലുകൾ പിടിപ്പിച്ച സൂചി ജോണിയുടെ ഭുജത്തിലിറങ്ങിയപ്പോൾ ചുവന്ന രക്തം ഒഴുകി വന്നു തുടങ്ങി. രക്തദാനം പൂർണ്ണമായപ്പോൾ നിശബ്ദതക്ക് ഭംഗം

വരുത്തിക്കൊണ്ട് വിറയാർന്ന സ്വരത്തിൽ ഡോക്ടറോട് ജോണി ചോദിച്ചു: "ഞാൻ എപ്പോഴാണ് മരിക്കുന്നത്"? രക്തം ദാനം ചെയ്യാമെന്ന് സമ്മതിച്ചപ്പോൾ അവന്റെ ചുണ്ടുകൾ വിറച്ചതിന്റെ കാരണം അപ്പോൾ മാത്രമാണ് ഡോക്ടർക്ക് മനസ്സിലായത്. അവന്റെ ജീവൻ സഹോദരിക്കു വേണ്ടി കൊടുക്കുകയാണെന്നു അവൻ ചിന്തിച്ചിരുന്നു. സഹോദരിയോട് സ്നേഹമുള്ളതുകൊണ്ട് അതിന്റെ അവസാനതെളിവായി തന്റെ സ്വന്തരക്തം നൽകുവാൻ അവൻ തീരുമാനിച്ചു.

## നിങ്ങളുടെ തെരഞ്ഞെടുപ്പ്:–

നിങ്ങളുടെ ഹൃദയത്തെ സ്വന്തമാക്കുവാൻ ഒരാൾ ആഗ്രഹിക്കുന്നു. അത് യേശു ക്രിസ്തുവാണ്. ക്രിസ്തു നിങ്ങൾക്കു വേണ്ടി തന്റെ രക്തം ചൊരിഞ്ഞു കഴിഞ്ഞു. മൂന്നാം ദിവസം അവൻ മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. അവന്റെ സ്നേഹം ലോകസ്നേഹത്തെക്കാൾ അത്യുത്തമം. നിങ്ങളുടെ ദേഹിയെ വീണ്ടുകൊൾവാൻ അവന്റെ രക്തത്തിനു സാധിക്കും. ഇപ്പോൾ തന്നെ യേശു ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് നിങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുക(അപ്പൊ. പ്രവൃ. 20:21). ഈ അന്ത്യകാലത്ത് യേശുവിന്റെ

വീണ്ടും വരവിനു മുമ്പ് നിങ്ങളുടെ ഹൃദയങ്ങളെ ലൂസിഫർ തെറ്റായ വഴിയിലേക്ക് തിരിക്കുവാൻ അനുവദിക്കാതിരിക്കുക!

കൂടുതൽ പഠനത്തിന്

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel

DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**